ജനുവരി - ഏപ്രിൽ 2008

11 12

# ഭാരതീയ വൈദ്യ സംവാദം

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്



## വി.എം. കുട്ടികൃഷ്ണമേനോൻ അനുസ്മരണപതിപ്പ്



# വി.എം. കുട്ടികൃഷ്ണമേനോൻ

**കൊ**ല്ലവർഷം 1083 തുലാം മാസം ഉത്രട്ടാതി നക്ഷത്രത്തിൽ (1907 ഒക്ടോബർ) ജനനം. രാമവർമ്മ അപ്പൻതമ്പുരാനാണ് അച്ഛൻ. അമ്മ അമ്പാട്ട് വടക്കേമുടവക്കാട്ട് നാണിക്കുട്ടി അമ്മ. വിദ്യാഭ്യാസം തൃശൂർ മോഡൽബോയ്സ് ഹൈസ്ക്കൂളിലും സെന്റ് തോമാസ് കോളേജിലും തിരുവനന്തപുരം ആർട്സ് കോളേജിലും. ശൂരനാട്ടു കുഞ്ഞൻപിള്ളയും കുട്ടനാട്ടു രാമകൃഷ്ണപിള്ളയും സഹപാഠികളായിരുന്നു. സി.ഐ.ഗോപാലപിള്ളയും ഭാഷാശാസ്ത്രപണ്ഡിതനായ രമ്മയ്യശാസ്ത്രികളുമായിരുന്നു ഗുരുക്കന്മാർ. തുടർന്ന് മദ്രാസ് യൂണിവേഴ്സിറ്റി ഓറിയന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഡോ. ചേലനാട്ട് അച്ച്യുതമേനോന്റെ കീഴിൽ 'കേരളത്തിലെ നടനകല' എന്ന വിഷയത്തിൽ ആദ്യത്തെ ഗവേഷണ വിദ്യാർത്ഥിയായി ചേർന്നു. 1934-ൽ പ്രബന്ധത്തിന്റെ പൂർണ്ണരൂപം തയ്യാറാക്കിയിരുന്നുവെങ്കിലും ഗാർഹിക പ്രശ്നങ്ങളാൽ നാട്ടിലേയ്ക്ക് മടങ്ങേണ്ടിവന്നതുകൊണ്ട് ഗവേഷണം സമർപ്പിക്കാനായില്ല. തൃപ്പൂണിത്തുറ സംസ്കൃത കോളേജിൽ ഇംഗ്ലീഷ് അദ്ധ്യാപകനായും, എറണാകുളം മഹാരാജാസ് കോളേജിൽ മലയാളം അദ്ധ്യാപകനായും ജോലി ചെയ്തിട്ടുണ്ട്.

1120-ൽ ഉള്ളനാട്ട് വിലാസിനിയമ്മയെ വിവാഹം ചെയ്തു. ഇതിനിടയിൽ കേരളവർമ്മ അമ്മാവൻ തമ്പുരാന്റെ കീഴിൽ വിഷചികിത്സയും, ബാലചികിത്സയും പ്രത്യേകമായും, ആയുർവേദം സാമാന്യമായും അഭ്യസിച്ചു. ആലത്തിയൂർനമ്പി മൂന്നാമന്റെ ശിഷ്യൻ പാറയിൽ രാമൻപിള്ളയാണ് അഷ്ടാംഗഹൃദയം പഠിപ്പിച്ചത്. 1928-ൽ തൃശൂരിൽ നടന്ന ആദ്യത്തെ സാഹിത്യപരിഷത്തിൽ സജീവ പങ്കാളിയായിരുന്നു. അപ്പൻതമ്പുരാന്റെ കാലശേഷം അദ്ദേഹത്തിന്റെ സ്മരണയ്ക്കായി വീണ്ടും ആരംഭിച്ച 'മംഗളോദയ'ത്തിന്റെ പത്രാധിപസമിതി അംഗമായി. വള്ളത്തോൾ, ആറ്റൂർ കൃഷ്ണപ്പിഷാരോടി, മുണ്ടശ്ശേരി എന്നിവർക്കൊപ്പമായിരുന്നു സാഹിത്യപ്രവർത്തനം. 'ഭൂതനായർ' സിനിമയാക്കാൻ സംഘടിപ്പിച്ച 'കേരള സിനിടോണിന്റെ' ഡയറക്ടറായിരുന്നു. പുറനാട്ടുകര കേന്ദ്രീയ സംസ്കൃതവിദ്യാപീഠത്തിന്റെ പ്രസിഡണ്ടായിരുന്നിട്ടുണ്ട്. അഖിലകേരള പാരമ്പര്യവൈദ്യ ഫെഡറേഷന്റെ 'വൃദ്ധകാശ്യപൻ' എന്ന ബിരുദവും, കേരള സംസ്കൃത അക്കാദമിയുടെ 'വിദ്യാഭൂഷണം' എന്ന ബിരുദവും ലഭിച്ചിട്ടുണ്ട്. കേരളത്തിലെ നടനകല (1957), അപ്പൻതമ്പുരാന്റെ സാഹിത്യശില്പം (സമ്പാ.1968), അഷ്ടാംഗഹൃദയം സൂത്രസ്ഥാനം (വിവർത്തനം 1976), ക്രിയാകൗമുദി (ഭാഷാ വിഷവൈദ്യം 1986), ചികിത്സാകൗതുകം (1993) എന്നിവയാണു കൃതികൾ. 1995 ആഗസ്റ്റ് 16ന് തൃശൂരിൽ വെച്ച് നിര്യാതനായി. മക്കൾ : ഉഷ, സുഷമ, മധു, പ്രസന്ന, രേണുക.



AHSRC, Kottakkal
കോട്ടയ്ക്കലിന്റെ സാന്ത്വനസ്പർശം
ആരോഗ്യസംരക്ഷണത്തിന് ലോകമിന്ന് ഉറ്റുനോക്കുന്നത് ആയുർവേദത്തിലേക്കാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ആയുർവേദത്തിന്റെ നവോത്ഥാനത്തിന് വഴിതെളിയിച്ചത് വൈദ്യരത്നം പി.എസ്. വാരിയർ ആണ്. 1902-ൽ അദ്ദേഹം സ്ഥാപിച്ച കോട്ടയ്ക്കൽ ആര്യവൈദ്യശാലയാണ് ലോകഭൂപടത്തിൽ ആയുർവേദത്തെ അടയാളപ്പെടുത്തിയത്.
AYURVEDA - THE AUTHENTIC WAY
Vaidyaratnam P.S. Varier's
ARYA VAIDYA SALA
(A CHARITABLE TRUST)
KOTTAKKAL-676 503, KERALA
Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com / avsho@sancharnet.in Web: www.aryavaidyasala.com
ഡൽഹിയിലും കോട്ടയ്ക്കലും എറണാകുളത്തും കൊൽക്കത്തയിലും ആശുപത്രികൾ | കോട്ടയ്ക്കൽ ചാരിറ്റബിൾ ഹോസ്പിറ്റൽ | കോട്ടയ്ക്കലും കഞ്ചിക്കോട്ടും ഔഷധനിർമ്മാണഫാക്ടറികൾ | അഞ്ഞൂറിലധികം ശാസ്ത്രീയ ഔഷധങ്ങൾ | ഗവേഷണത്തിനും പ്രസിദ്ധീകരണത്തിനും പ്രത്യേകം വിഭാഗങ്ങൾ | ഔഷധത്തോട്ടങ്ങൾ | ഔഷധസസ്യഗവേഷണകേന്ദ്രം | ആയുർവേദപഠനസൗകര്യങ്ങൾ | 20 ശാഖകൾ, 1200-ൽപരം അംഗീകൃത വിതരണക്കാർ | പി.എസ്. വി. നാട്യസംഘം | വൈദ്യരത്നം പി.എസ്. വാരിയർ മ്യൂസിയം